**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3689** **26-10-2021 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിലവിൽ എത്ര സ്ഥിരം പരിശീലകരുടെ ഒഴിവുകൾ ഉണ്ട്; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ വിവിധ കായികയിനങ്ങളിലായി അനുവദിച്ചിട്ടുള്ള 143 തസ്തികകളിൽ 51 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | 2011-ന് ശേഷം എത്ര പരിശീലകർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത തസ്തികയിൽ ഒഴിവുകൾ ഉണ്ടെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | 2011നു ശേഷം 74 പരിശീലകർക്കും 5 ഹോണററി പരിശീലകർക്കും സ്ഥിരനിയമനം നൽകിയിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഏതൊക്കെ ഗെയിമുകളിലാണ് കായിക പരിശീലകരുടെ സ്ഥിര ഒഴിവുകൾ ഉള്ളത്; വിശദമാക്കാമോ; | (സി) | അത്‌ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബാസ്കറ്റ്ബോൾ, ഫുട്ബോൾ, സൈക്ലിംഗ്, ജിംനാസ്റ്റിക്സ്, ഹാന്റ്ബോൾ, ഖോ-ഖോ, സ്വിമ്മിംഗ്, ടേബിൾ ടെന്നീസ്, വോളീബോൾ, റസ്ലിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, റോവിംഗ്, ആർച്ചറി, കാനോയിംഗ് & കയാക്കിംഗ് എന്നീ കായികയിനങ്ങളിൽ പരിശീലകരുടെ ഒഴിവുണ്ട്. |
| (ഡി) | എല്ലാ ജില്ലകളിലും സ്ഥിരം പരിശീലകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്ഥിരം പരിശീലകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ